# 76. യൂനികോൺ

ഗ്രീക്കുകാരുടെയും റോമാക്കാരുടെയും പഴയ ഇതിഹാസങ്ങളിലുള്ള വിവരണങ്ങളിലൂടെമാത്രം നമുക്കു പരിചിതമായ ഒരു മൃഗമാണ് യൂനികോൺ. ഇതു് ഒരു കുതിരയാണ്. പക്ഷേ; ഇതിന്റെ നെററിയിൽ നീണ്ടു കത്തനെയുള്ള ഒരു കൊമ്പുണ്ട്. ചാരിത്ര്യത്തിന്റെയും വിശുദ്ധിയുടെയും പ്രതീകമായി കണക്കാക്കപ്പെടുന്ന ഈ മൃഗത്തിന്റെ ചിത്രം യൂറോപ്പിലെ പഴയ പ്രഭുക്കളുടെ കുടുംബമുദ്രകളിൽ ധാരാളമായി കാണാം. ഈ ചിത്രങ്ങളിൽ പലപ്പോഴും യൂനികോണിനു് കോലാടിന്റേതായ താടിയും, സിംഹത്തിന്റേതായ വാലും നൽകാറുമുണ്ട്.

ഇതിഹാസമാത്രപ്രസിദ്ധമായ യൂനികോൺ ഇപ്പോൾ സർക്കസ്സിൽ പ്രത്യക്ഷപ്പെട്ടു് കാഴ്ചക്കാരെ ആഹ്ലാദിപ്പിക്കാൻ തുടങ്ങിയിരിക്കുന്നു. 'ഭൂമിയിലെ ഏററവും വലിയ പ്രദർശനം എന്നു് അറിയപ്പെടുന്ന 'റിങ്ലിങ് ബ്രദേഴ്സ്—ബാർണം ബെയ്ലി' സർക്കസ് കമ്പനിയാണ് ഈ മൃഗത്തെ പ്രദർശിപ്പിക്കുന്നതു്. പത്രറിപ്പോർട്ട് വായിക്കുക.

'സ്പോട്ട്ലൈററുകൾ മങ്ങി. ചെണ്ടകളിൽ മേളം മുറുകി. ന്യൂയോർക്കിൽ മാഡിസൺസ്ക്വയർ ഗാർഡനിൽനിന്നു് പ്രദർശകന്റെ ശബ്ദം ഇടിവെട്ടുപോലെ ഉയർന്നു. എല്ലാ വയസ്സുകളിലുമുള്ള കുട്ടികൾക്കുംവേണ്ടി ചരിത്രത്തിൽ കിടയററ ഒരു സംഭവം——ജീവനുള്ള 'യൂനികോൺ'! നീണ്ട ഒരു ഘോഷയാത്രയുടെ അവസാനത്തിൽ, റോസപ്പൂക്കൾകൊണ്ടു മൂടിയ തിളങ്ങുന്ന ഒരു സ്വർണവാഹനം കാഴ്ചയിലേക്കു് ഒഴുകിവന്നു. ആ വാഹനത്തിലുണ്ടായിരുന്നതു് സ്വർണത്തലമുടിയുള്ള അലങ്കൃതമായ ഒരു യുവതിയും മഞ്ഞുപോലെ വെളുത്ത ഒരു മൃഗവുമായിരുന്നു. ഈ മൃഗത്തിന്റെ മുൻകാലുകളിലെ കുളമ്പുകൾ ഒരു പടവിൻമേൽ സുന്ദരമായി ഉയർത്തിവെച്ചിരുന്നു. ഇതിഹാസപ്രസിദ്ധമായ അതിന്റെ ഒററക്കൊമ്പ് ബാൻഡ് സംഗീതത്തിനൊത്തു് ഇളകിക്കൊണ്ടിരുന്നു. ഒററയ്ക്കിരിക്കുന്ന കാഴ്ചക്കാരിയായ ഒരു സ്ത്രീ പറഞ്ഞു. 'എന്തൊരു അഴക്!' പക്ഷേ, നിയോൺ വെളിച്ചത്തിന്റെ പ്രളയത്തിൽ ആ മൃഗം ഒരു പീഠത്തിൽ തനിയെ വായുവിലേക്കു് ഉയരുന്നതു് സൂക്ഷിച്ചുനോക്കി ഇരുന്നശേഷം, പത്തു വയസ്സുകാരിയായ മരിയ, ചക്രവർത്തിയുടെ പുതിയ വസ്ത്രത്തെപ്പററി വിവരിച്ച ശിശുവിന്റെ നിഷ്കളങ്കതയോടെ, പ്രഖ്യാപിച്ചു: 'അതൊരു കോലാട് ആണ്!' (ന്യൂസ്‌വീക്ക്, ഏപ്രിൽ 22)

അതെ, അതൊരു കോലാടുതന്നെ. ഒരു കോലാടിന്റെ താടിയും കാൽമുട്ടുകളും ഉള്ള ആ മൃഗം കോലാടിനെപ്പോലെ ആൽഫാൽഫച്ചെടിയുടെ ഇല തിന്നു ജീവിക്കുന്നു. എങ്കിലും അതൊരു യൂനികോൺ ആണ്. കാരണം അതിനു നെററിയുടെ ഒത്ത നടുവിൽ ഒരു ഒററക്കൊമ്പുണ്ട്.

സർക്കസ്സുകാർ ഒരു കാളക്കൊമ്പ് എടുത്തു് ഈ പാവപ്പെട്ട ആടിന്റെ നെററിയിൽ തുന്നിപ്പിടിപ്പിച്ചതാണെന്ന ആക്ഷേപം മൃഗാവകാശസംരക്ഷകർ ഉന്നയിക്കാൻ ഏറെത്താമസമുണ്ടായില്ല. റിങ്ലിങ്—ബാർണം—ബെയ്‌ലി സർക്കസ്സുകാരുടെ കൈവശം ഇത്തരം നാലു മൃഗങ്ങളുണ്ട്. അമേരിക്കൻ ഗവണ്മെൻറിന്റെ കൃഷിവിഭാഗത്തിലെ (മൃഗസംരക്ഷണം ഈ വിഭാഗത്തിന്റെ ചുമതലയാണ്) ഇൻസ്പെക്ടർമാർ സ്റ്റേജിനു പിന്നിൽച്ചെന്നു് ഇവയെ പരിശോധിച്ചപ്പോൾ വാസ്തവം വെളിപ്പെട്ടു.

വാസ്തവം എന്തെന്നോ? അവ കോലാടുകൾതന്നെ. പക്ഷേ, പിറന്ന ഉടനെ അവരുടെ ശൃംഗമുകുളങ്ങൾ കൊമ്പുകളുടെ സ്ഥാനത്തുള്ള ചർമ്മം) ശസ്ത്രക്രിയചെയ്തു തലയോടിന്റെ മധ്യത്തിൽ, നെററിയുടെ ഒത്ത നടുവിലേക്കു മാററി സ്ഥാപിച്ചിരുന്നു. രണ്ടു മുകുളങ്ങളും അവിടെ ഒന്നിച്ചുചേർന്ന് വലിയ, തിളക്കമുള്ള, ഒരു ഒററക്കൊമ്പായി വളരുകയുംചെയ്തു. ഒരുപക്ഷേ, ശസ്ത്രക്രിയയിൽ ഈ ആട്ടിൻകുട്ടികൾ വേദന അനുഭവിച്ചിരിക്കുകയില്ലെന്നും ഏതായാലും ഇപ്പോൾ ആ മൃഗങ്ങൾ സന്തുഷ്ടങ്ങളും ആരോഗ്യം തികഞ്ഞവയുമാണെന്നും ഈ ഇൻസ്പെക്ടർമാർ സാക്ഷ്യപ്പെടുത്തി. മൃഗങ്ങളുടെ അവകാശമൊന്നും ഇവിടെ ലംഘിക്കപ്പെട്ടിട്ടില്ല.

ഒററക്കൊമ്പൻ കോലാടുകൾ ന്യൂയോർക്ക് പത്രങ്ങളുടെ ഒന്നാംപേജിലെ വാർത്തയായി. സർക്കസ് മാനേജർ ഒരു പത്രസമ്മേളനം വിളിച്ചുകൂട്ടി; 'മൃഗങ്ങളോടു ക്രൂരത കാണിക്കുന്നതു തടയുന്നതിനുള്ള സംഘം' (എസ്. പി. സി. എ.) തങ്ങളെ ചുമ്മാ ദ്രോഹിക്കുകയാണെന്ന് അദ്ദേഹം കുററപ്പെടുത്തി. സർക്കസ് ഇരമ്പി, ടിക്കററുകൾ കിട്ടാൻ പ്രയാസമായി.

കാലിഫോർണിയയിലെ രണ്ടു് മൃഗംവളർത്തുകാർ ആണ് യൂനികോണിന്റെ സ്രഷ്ടാക്കൾ. ഇവരിലൊരാൾ 1980-ൽ 'ജീവിക്കുന്ന യൂനികോൺ' എന്ന പേരിൽ ഒരു കമ്പനി രജിസ്റ്റർചെയ്തു. ഇതിനുമുമ്പ് ആരോ ഒരാൾ 1933-ൽ ഒരു ഒററക്കൊമ്പിപ്പശുവിനെ 'സൃഷ്ടിച്ച'തു സംബന്ധിച്ച ഒരു ലേഖനമാണത്രേ യൂനികോൺ ആടുകളെ സൃഷ്ടിക്കാൻ ഇവർക്കു പ്രചോദനം നൽകിയതു്. കോലാടുകൾക്കു പുറമേ, വേറെയും പല മൃഗങ്ങളേയും 'യൂനി കോൺ' ആക്കി മാററാം. മനുഷ്യവർഗത്തിനു പണ്ടു പരിചിതമായിരുന്ന ഈ വിജ്ഞാനം തങ്ങൾ വീണ്ടും കണ്ടുപിടിച്ചിരിക്കുകയാണെന്ന് ഈ കാലിഫോർണിയക്കാർ അവകാശപ്പെടുന്നു. ഈ 'വിദ്യ'യുടെ പേററൻറ് അവർ എടുത്തിട്ടുമുണ്ട്—അനുകർത്താക്കൾ സൂക്ഷിക്കുക!

പക്ഷേ, മൃഗാവകാശസംരക്ഷണവാദക്കാർക്കു തൃപ്തിയായിട്ടില്ല. കാലിഫോർണിയക്കാരുടെ ശസ്ത്രക്രിയാവിധി പരസ്യമാക്കണമെന്ന് അമേരിക്കൻ എസ്. പി. സി. എ. യുടെ നേതാക്കൾ ആവശ്യപ്പെട്ടിട്ടുണ്ട്. കൃത്രിമമായി അംഗഭംഗം വരുത്തി നിർമിച്ച വിരൂപമൃഗങ്ങളെ പ്രദർശിപ്പിക്കുന്നതു് തടയാൻ അമേരിക്കൻ ഫെഡറൽ ഗവണ്മെൻറ് നിയമമുണ്ടാക്കണമെന്നും അവർ പറയുന്നു. 'ഇന്നു ശസ്ത്രക്രിയചെയ്ത് ഒററക്കൊമ്പൻ മൃഗങ്ങളെ സൃഷ്ടിക്കുന്നവർ, നാളെ ശസ്ത്രക്രിയചെയ്ത് കണ്ണുകൾ നെററിയുടെ നടുവിലേക്കു മാററി, ഒന്നാക്കി, സൈക്ലോപ്പുകളെയും സൃഷ്ടിക്കുകയില്ലെന്ന് ആർക്കു പറയാം?' എന്ന അവരുടെ ചോദ്യത്തിൽ കഴമ്പില്ലാതില്ല.

എന്നാലും, സർക്കസ് കൂടാരത്തിൽ വിളക്കുകൾ മങ്ങുകയും, ചെണ്ടകളിൽ മേളം മുറുകുകയും, ഘോഷയാത്രയുടെ പിന്നിൽ, സ്വർണവാഹനത്തിൽ, സ്വർണത്തലമുടിയുള്ള യുവതിയോടൊപ്പം മഞ്ഞുപോലെ വെളുത്ത യൂനികോൺ കാഴ്ചയിലേക്കു നീന്തിയെത്തുകയുംചെയ്യുമ്പോൾ, കുട്ടികളുടെയും, കുട്ടിത്തം കൈമോശം വരാത്ത എല്ലാ പ്രായക്കാരുടെയും, ആഹ്ലാദത്തിനു് അതിരില്ല!

26 മെയ്, 1985